# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T 1984 — 17/03/2015 ൽ മറുപടിക്ക്

## ബാർ കോഴ ശബ്ദരേഖ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) അടച്ചുപൂട്ടിയ ബാറുകൾ തുറക്കുന്നതിന് നാല് കോൺഗ്രസ് മന്ത്രിമാർ കൂടി കോഴ വാങ്ങിയെന്ന, ബാർ അസോസിയേഷൻ പ്രസിഡന്റിന്റെ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) പ്രസ്തുത വിഷയം സംബന്ധിച്ച പരാതികളൊന്നും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ലഭിച്ചിട്ടില്ല. |
| (ബി) ഇത് സംബന്ധമായ ശബ്ദരേഖ വിജിലൻസിന്റെ ബാർ കേസ് അന്വേഷണ സംഘം പരിശോധിക്കുകയുണ്ടായോ ;<br>(സി) ശബ്ദരേഖ വ്യാജമാണെന്ന് വിജിലൻസ് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ എപ്രകാരം ; ശബ്ദരേഖയിൽ നിന്നും കേസന്വേഷണവുമായി ബന്ധപ്പെട്ട എന്തെല്ലാം വിവരങ്ങൾ വിജിലൻസിന് ലഭിക്കുകയുണ്ടായി ; വിശദമാക്കാമോ ; | (ബി) യും (സി) യും അന്വേഷണ വേളയിൽ ശ്രീ.ബിജു രമേശ് ഹാജരാക്കിയ എഡിറ്റ് ചെയ്ത സി.ഡി.യിൽ അത്തരം പരാമർശങ്ങൾ ഉള്ളതായി കാണപ്പെട്ടില്ല. ശ്രീ.ബിജു രമേശ് ഹാജരാക്കിയ സി.ഡി. അന്വേഷണത്തിൽ ഉപയോഗിക്കുന്നുണ്ട്. പക്ഷെ ആയത് എഡിറ്റ് ചെയ്ത പകർപ്പായതിനാൽ ആയതിനു ആധികാരികതയും നിയമ സാധുതയും ഇല്ല. ആയതിനാൽ ആയതു വ്യാജമാണോ എന്നു പരിശോധിക്കുന്നതിൽ പ്രസക്തിയില്ല. അന്വേഷണത്തിൽ വെളിവായ കാര്യങ്ങൾ വെളിപ്പെടുത്തുവാൻ നിയമപരമായി നിർവാഹമില്ല. |
| (ഡി) ശബ്ദരേഖ ഏതെങ്കിലും നിലയിലുള്ള പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് വിജിലൻസ് സംഘത്തിന് അഭിപ്രായപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ? | (ഡി) ശബ്ദരേഖ ഉപയോഗപ്പെടുത്തിയുള്ള അന്വേഷണം പുരോഗമിച്ചു വരുന്നു. തത്കാലം ടി സി.ഡി. യാതൊരു തരത്തിലുള്ള പരിശോധനയ്ക്കും അയയ്ക്കാൻ തീരുമാനമായിട്ടില്ല. |

സെക്ഷൻ ആഫീസർ